(ബി) ലേബർക്കോടതി മുൻപാകെ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ ക്രമമായി റവന്യൂ നടത്തുകയും പഴക്കമുള്ള കേസ്സുകൾ കഴിവതും വേഗം തീർക്കുവാൻ കോടതികളോടാവശ്യപ്പെടാറുമുണ്ട്. വ്യവസായത്തർക്കം സംബന്ധിക്കുന്ന കേസ്സുകൾ തീർപ്പു കൽപ്പിച്ച് അവാർഡ് പാസ്സാക്കുന്നതിന് സമയപരിധി കൽപ്പിക്കുവാൻ 1982-ലെ വ്യവസായത്തർക്ക ഭേദഗതി ആക്ട് പ്രകാരം ഗവൺമെൻറിനധികാരമുണ്ട്. അതനുസരിച്ച് ഇപ്പോൾ വ്യവസായത്തർക്കത്തെ സംബന്ധിക്കുന്ന കേസ്സുകൾ ലേബർ കോടതികളിൽ അഡ്ജുഡിക്കേഷന് വിടുമ്പോൾ സമയപരിധി ബന്ധപ്പെട്ട ഉത്തരവിൽ രേഖപ്പെടുത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ തീർപ്പു കല്പിക്കാനായി ലേബർ കോടതികൾ മുൻപാകെ കിടക്കുന്ന കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽക്കരം ഏകീകരിക്കാനുള്ള നടപടി

* 147 [191] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാർ നൽകുന്ന തൊഴിൽക്കരത്തേക്കാൾ വളരെ കൂടുതലാണ് പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർ നൽകേണ്ടിവരുന്നതെന്ന വസ്തുത ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽക്കരം ഏകീകരിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ;

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എ. അബ്ദു)

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

1985-86-ലെ ഐ. ആർ. ഡി. പി. സബ്സിഡി

* 148 [192] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ആർ. ഡി. പി. അനുസരിച്ച് 1985-86 സാമ്പത്തിക വർഷത്തിൽ ഓരോ ബ്ലോക്കിലും എത്ര സംഖ്യ വീതമാണ് സബ്സിഡിയായി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് അവസാന തീരുമാനം എടുത്തുകഴിഞ്ഞുവോ;

(സി) കഴിഞ്ഞുവെങ്കിൽ 1985-86 സാമ്പത്തിക വർഷത്തിൽ നമ്മുടെ സ്റ്റേറ്റിന് ആകെ എത്ര സംഖ്യ സബ്സിഡി നൽകുവാനായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 8.882 ലക്ഷം രൂപ

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ തീരുമാനമാണിത്.

(സി) 1341.32 ലക്ഷം രൂപ

പുതിയ ക്ഷേമനിധികൾ

* 149 [193] ശ്രീ. രാഘവൻ പൊഴക്കടവിൽ:

,, പന്തളം സുധാകരൻ:

,, ജി. കാർത്തികേയൻ:

,, എ. സി. ജോസ്:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയം മറുപടിനൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം വ്യവസായങ്ങളിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്?

(ബി) 1985-86 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും വ്യവസായം ഇതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ടോ;

(സി) പ്രോവിഡന്റ് ഫണ്ടിന്റെ ആനുകൂല്യം ലഭിക്കാത്ത ഏലത്തോട്ടത്തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

തൊഴിൽവകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 2-10-1181-മുതൽ നടപ്പിലായ കേരള കശുവണ്ടി ക്ഷേമ പദ്ധതി പ്രകാരം 14-2-1984-ലെ ജി. ഒ. (പി) 9/84/എൽ.ഡി.ആർ. പ്രകാരം ക്ഷേമനിധി നിലവിൽവന്നു.

2-10-1981 മുതൽ നടപ്പിലായ കേരളാ കയർ തൊഴിലാളി ക്ഷേമപദ്ധതി, കേരളാ കൈത്തറി തൊഴിലാളി ക്ഷേമപദ്ധതി എന്നിവയ്ക്ക് യഥാക്രമം 6-3-1984-ലെ ജി.ഒ. (പി) 15/84/ എൽ.ഡി.ആർ പ്രകാരം 6-3-1984-ലെ ജ.ഒ. (പി) 17/84/ എൽ.ഡി.ആർ പ്രകാരവും ക്ഷേമനിധികൾ നിലവിൽവന്നു. ഇതിനുപുറമേ കേരളാ ചുമട്ടു തൊഴിലാളി ക്ഷേമനിധിയും, കേരളാ മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായ ക്ഷേമനിധിയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കും ടൈലർമാർക്കും ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഏലത്തോട്ടത്തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly